**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 22** **12-10-2026-ൽ മറുപടിയ്ക്ക്**

**ശബരിമലയിൽ തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. വി. മുരളീധരൻ

ശ്രീ. ബി. ബി. ഗോപകുമാർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശബരിമലയിൽ കന്നിമാസ പൂജാ സമയത്ത് അരവണ വിതരണത്തിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടെങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദീകരിക്കുമോ;

**മറുപടി:** 2026-27 മണ്ഡലം മകരവിളക്ക് മഹോത്സവം സുഗമമായി നടത്തുന്നതിലേയ്ക്ക് അരവണ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചിങ്ങമാസ പൂജ അവസാനിച്ച നാൾ മുതൽ അരവണ പ്ലാന്റ്(വലിയ തിടപ്പള്ളി) അറ്റകുറ്റ പണികൾ നടത്തുന്നതിലേക്കായി അടച്ചിരുന്നു. മുൻ വർഷം കന്നി മാസ പൂജയ്ക്ക് എത്തിയ ഭക്തജനങ്ങളുടെ എണ്ണം കണക്കിലെടുത്ത് ആകെ 3,18,587 ടിൻ അരവണയുടെ കരുതൽ ശേഖരം (Buffer Stock) തയ്യാറാക്കി സൂക്ഷിച്ചിരുന്നു.

എന്നാൽ കന്നിമാസ പൂജ ആരംഭിച്ചതോടെ ഭക്തരുടെ എണ്ണത്തിൽ വൻ വർധനവുണ്ടായി. 18/09/2026 വൈകുന്നേരം 5.00 മണിയോടെ 1,48,134 ടിൻ അരവണ വിറ്റഴിക്കുകയും ബാങ്കിന് വിതരണത്തിനായി നൽകിയ വിഹിതം കഴിച്ചുള്ള സ്റ്റോക്ക് ഏകദേശം 62,000 ടിന്നായി കുറയുകയും ചെയ്തു. മുൻവർഷം ഇതേ കാലയളവിൽ 1,72,40,220/- രൂപയുടെ അരവണ വിറ്റഴിച്ച സ്ഥാനത്ത് തൻവർഷം 2,57,52,900/- രൂപയുടെ വിൽപ്പന നടന്നു. കന്നിമാസ പൂജ വേളയിൽ അരവണ വിതരണത്തിൽ അപാകതകളോ ഉൽപ്പാദന വീഴ്ചയോ ഉണ്ടായിട്ടില്ല. മറിച്ച്, അസാധാരണമായ ഭക്തജനത്തിരക്ക് കാരണം ലഭ്യമായ നീക്കിയിരുപ്പ് (Stock) ഉപയോഗിച്ച് പൂജ അവസാനിക്കുന്നതുവരെ എല്ലാ തീർത്ഥാടകർക്കും തടസ്സമില്ലാതെ അരവണ ലഭ്യമാക്കുന്നതിനായി വിതരണ അളവ് പരിമിതപ്പെടുത്തുകയാണ് ചെയ്തതെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്.

എന്നാൽ, മാസപൂജ സമയത്ത് അരവണ പ്ലാന്റ് അടച്ചിട്ട് അറ്റകുറ്റപണി ചെയ്തപ്പോൾ മുൻകൂട്ടി അരവണയുടെ കരുതൽ ശേഖരം ആറ് ലക്ഷമായി ഉയർത്തിയിരുന്നുവെങ്കിൽ ശബരിമലയിൽ കന്നിമാസ പൂജ സമയത്ത് അരവണ ക്ഷാമം ഒഴിവാ ക്കാമായിരുന്നു എന്നതാണ് സർക്കാർ നിലപാട്. ഈ വിഷയം ദേവസ്വം ബോർഡ് പ്രസിഡന്റിനെ സർക്കാർ അറിയിച്ചിട്ടുണ്ട്. വരുന്ന തുലാംമാസ പൂജയ്ക്കും മണ്ഡല-മകരവിളക്ക് സമയത്തും ശബരിമലയിൽ അരവണ ക്ഷാമം ഉണ്ടാകാതിരിക്കാൻ പ്ലാന്റിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പി ക്കുന്നത് ഉൾപ്പെടെയുള്ള മുന്നൊരുക്ക ന ടപടികൾ

സ്വീകരിച്ചുവെന്നാണ് ശബരിമല പ്രസാദവിതരണത്തിന്റെ സമ്പൂർണ്ണ ഉത്തരവാദിത്തവും ചുമതലയുമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

**(ബി)** ശബരിമലയിൽ വർഷംതോറും തീർത്ഥാടകരുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് മൂലമുണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങളും അഭൂതപൂർവ്വമായ ഭക്തജനത്തിരക്ക് കാരണമുണ്ടാകുന്ന അപകടങ്ങളും ആൾക്കൂട്ട നിയന്ത്രണ സംവിധാനങ്ങളുടെ പോരായ്മയും പാരിസ്ഥിതിക പ്രശ്നങ്ങളും പ്രകൃതിക്ഷോഭ സാധ്യതയും ഉൾപ്പെടെയുള്ള പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് 2007ലെ നിലവിലെ മാസ്റ്റർ പ്ലാനിന് പകരം നിലയ്ക്കലും പമ്പയും കാനനപാതകളും മറ്റു സമീപ പ്രദേശങ്ങളും ഉൾപ്പെടുന്ന പുതുക്കിയ ഒരു സമഗ്ര മാസ്റ്റർ പ്ലാൻ നടപ്പാക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

<u>**മറുപടി:**</u> 2050 വരെയുള്ള വികസനപ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ വിശദമായ ശബരിമല മാസ്റ്റർ പ്ലാൻ ഡോക്യുമെന്റാണ് നിലവിലുള്ളത്. മാസ്റ്റർ പ്ലാനിനു വിധേയമായി കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം തയ്യാറാക്കിയിട്ടുള്ള ലേഔട്ട് പ്ലാൻ അനുസരിച്ചാണ് ബഹു. കേരള ഹൈക്കോടതി രൂപീകരിച്ച ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

പുതുക്കിയ ഒരു സമഗ്ര മാസ്റ്റർ പ്ലാനിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടിവരുന്ന പ്രത്യേക സാഹചര്യത്തിൽ ലേഔട്ട് പ്ലാനിൽ ഉൾപ്പെടുത്തി വികസന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**(സി)** ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം, പൊതുഗതാഗത സൗകര്യം, താമസ സൗകര്യം, അടിയന്തര മെഡിക്കൽ സംവിധാനം, ഭക്ഷണ സൗകര്യം, മാലിന്യ സംസ്കരണ സംവിധാനം, ശൗചാലയങ്ങൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും അടങ്ങുന്ന ഒരു ബേസ് ക്യാമ്പ് നിലയ്ക്കലിൽ നടപ്പാക്കണം എന്ന ആവശ്യം നിരന്തരമായി ഉന്നയിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>**മറുപടി:**</u> നിലയ്ക്കലിനെ ശബരിമല തീർത്ഥാടനത്തിന്റെ ബേസ് ക്യാമ്പായി സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിയും അംഗീകരിച്ചിട്ടുണ്ട്. 2050 വരെയുള്ള വികസനപ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർ പ്ലാനിൽ നിലക്കൽ ഇടത്താവളത്തിന്റെ വികസനവും ഉൾപ്പെട്ടിട്ടുണ്ട്. നിലയ്ക്കലിൽ തീർഥാടകർക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം, പൊതു ഗതാഗത സൗകര്യം, താമസ സൗകര്യം, വിരി വയ്ക്കുന്നതിനുള്ള സൗകര്യം, അടിയന്തിര മെഡിക്കൽ സൗകര്യത്തിനായുള്ള ആശുപത്രി, മാലിന്യ സംസ്കരണ സംവിധാനം, ശൗചാലയങ്ങൾ എന്നിവ നിലവിലുണ്ട്.

ഇത് കൂടാതെ നിലക്കൽ കോർ ഏരിയ വികസനം 9.33 ഹെക്ടർ സ്ഥലത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഭക്ഷണ സൗകര്യത്തിനുള്ള അന്നദാനമണ്ഡപം, തീർഥാടകർക്ക് വിശ്രമിക്കുന്നതിനുള്ള റെസ്റ്റിംഗ് പവലിയനുകൾ, നടപ്പാതകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് (ക്യാമ്പ് കണ്ട്രോൾ ആഫീസ്) എന്നിവ ഉൾപ്പെടുന്ന പദ്ധതിയാണ്. ഈ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യുന്നതിനുള്ള നടപടികൾ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി സ്വീകരിച്ചു വരുകയാണ്. കൂടാതെ നിലക്കൽ ബേസ് ക്യാമ്പിനുള്ളിലെ റോഡുകൾ, അനുബന്ധ പാലങ്ങൾ എന്നിവയുടെ

നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയിട്ടുണ്ട്. നിലക്കൽ ഇടത്താവളത്തിൽ നിലവിലുള്ള വാട്ടർ ബോഡീസ് സംരക്ഷിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി വരുന്നു. കൂടാതെ കൂടുതൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**